പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1874 06.07.2015 ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ സുരക്ഷ

**ചോദ്യം**

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഗുണ്ടകളെ നേരിടാൻ ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(എ) ഗുണ്ടാ പ്രവർത്തനവും, സാമൂഹ്യ വിരുദ്ധ പ്രവർത്തനവും നടത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 24/02/2015 തീയതി മുതൽ 'ഓപ്പറേഷൻ സുരക്ഷ' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ കീഴിൽ സ്ത്രീകൾക്കും , കുട്ടികൾക്കും നേരെ അതിക്രമം നടത്തുന്നവരേയും, കഞ്ചാവ്, മയക്കുമരുന്ന് കുറ്റവാളികളേയും, മോഷ്ടാക്കളേയും, വ്യാജമദ്യ ഉല്പാദനവും വിപണനവും നടത്തുന്നവരേയും , അനധികൃതമായി സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നവരേയും കണ്ടെത്തി അറസ്റ്റുചെയ്യുകയും കൂടാതെ ഒളിവിലുള്ള പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും, ഗുണ്ടാ-സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരേയും അമർച്ച ചെയ്ത് പൊതുജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പവരുത്തുക എന്നുള്ളതാണ് 'ഓപ്പറേഷൻ സുരക്ഷ'യുടെ ലക്ഷ്യം.

(ബി) ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണ്ടാ-മാഫിയ സംഘങ്ങൾക്കെതിരേയും, വിവിധ കേസുകളിൽപ്പെട്ട് ഒളിവിൽ കഴിയുന്നവർക്കെതിരേയും, വാറണ്ട് കേസുകളിലെ പ്രതികൾക്കെതിരേയും, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരേയും മറ്റും കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുക തുടങ്ങി സാമൂഹ്യ സുരക്ഷയ്ക്ക് വേണ്ടിയുള്ള നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചിട്ടുള്ളതും , അവരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

Mathew

സെക്ഷൻ ഓഫീസർ